*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

**സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 49 C**

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**നവംബർ 19, 2023**

# ദുർഭൂതങ്ങളിൽനിന്ന് മോചനം

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു.

സ്വാമി മറ്റേതൊരു സാധാരണ ആൺകുട്ടിയെയും പോലെതന്നെ ആയിരുന്നു, വളരെ തമാശക്കാരനും വിനോദശീലനും. വിവാഹപ്പാർട്ടിയിൽ എല്ലാവരും പെട്ടെന്നുതന്നെ അവിടുന്നിനെ ഇഷ്ടപ്പെട്ടു. അവിടെയുള്ള വെള്ള ഭിത്തിമേൽ സ്വാമി അവിടുത്തെ കൈകൾകൊണ്ട് മൃഗങ്ങളുടെയും പക്ഷികളുടെയൊക്കെ ഒരു നിഴൽനാടകം(shadow play) അവതരിപ്പിച്ചു. ആളുകൾക്ക്, പ്രത്യേകിച്ച് കുട്ടികൾക്ക്, അത് വളരെയധികം ഇഷ്ടമായി.



ഈ ഉപാഖ്യാനം വിശദീകരിച്ച ആഖ്യാതാവിന്റെ കാലത്ത്, തുളസമ്മ 80 വയസ്സുണ്ടായിരുന്ന ഒരു വൃദ്ധയായിരുന്നു. ആദ്യ ദിവസം സ്വാമി വിവാഹച്ചടങ്ങിന് എത്തിയപ്പോൾ, അവിടുന്ന് വിവാഹ ഹാളിൽ ഇരുന്നു. ആദ്യമൊക്കെ ഈ പയ്യൻ ആരാണെന്ന് പല ആളുകൾക്കും അറിയില്ലായിരുന്നു, അവനെപ്പറ്റി കൂടുതലൊന്നും അവരാരും അന്വേഷിച്ചതുമില്ല.

പെട്ടെന്ന് അവളുടെ മുത്തശ്ശി സ്വാമിയുടെ നേർക്ക് ഓടിച്ചെന്ന് അവിടുത്തെ ഇളം പാദങ്ങൾ മുറുകെ പിടിച്ചു! അത് പലരെയും അമ്പരപ്പിക്കുന്നതായിരുന്നു-80 വയസ്സുള്ള ഒരു സ്ത്രീ ഈ പയ്യന്റെ കാലു പിടിക്കുക! എന്റെ മുത്തശ്ശി-ഞാനുദ്ദേശിക്കുന്നത്, ഈ ഉപാഖ്യാനത്തിന്റെ ആഖ്യാതാവിനെയാണ്-ഞാൻ പരാമർശിക്കുന്ന അവരുടെ മുത്തശ്ശി, 80 വയസ്സുണ്ട് അവർക്ക്, അവർ കരയുകയായിരുന്നു! സ്വാമി അവിടുത്തെ ഇരു കരങ്ങളിലും അവരുടെ ശിരസ്സ് എടുത്തിട്ട് മൃദുവായി അതു മുഴുവനും ഉഴിഞ്ഞു. അപ്പോൾ മുതൽക്ക് അവരുടെ മുത്തശ്ശിക്ക് ഒരിക്കലും തലവേദന സഹിക്കേണ്ടി വന്നിട്ടില്ല. വാസ്തവത്തിൽ അതിനു മുമ്പ് അവർ കഠിനമായ തലവേദന സഹിക്കുകയായിരുന്നു. സ്വാമിയുടെ സ്പർശത്തിനു ശേഷം ആ വേദന പൂർണമായും അപ്രത്യക്ഷമായി.

അവിടുന്ന് വിവാഹങ്ങളിൽ സന്ദർശനം നടത്തുമ്പോഴൊക്കെ, ആളുകൾ വിവാഹത്തെപ്പറ്റി മറന്ന് അവിടുന്നിനു ചുറ്റും കൂടും. ബാബയുടെ ബാംഗ്ലൂർ സന്ദർശനങ്ങൾ നല്ലതുപോലെ വാർത്ത സൃഷ്ടിച്ചിരുന്നു. ആ കീർത്തി പരന്നിട്ട്, ബാംഗ്ലൂരിൽ നിന്നും കൂടുതലായി ഭക്തർ പുട്ടപർത്തി സന്ദർശിക്കാൻ തുടങ്ങി. 1944-ൽ ബാബയുടെ അടുത്തേക്ക് വന്നവരിൽ മറ്റു ള്ളവരെ കൂടാതെ റാവൽ ശേഷഗിരി റാവു, CMH രഞ്ജത് സിംഗ്, അങ്കമ്മ, ക്യാപ്റ്റൻ തങ്കവേലു മുതലിയാർ, എ.എച്ച്. തിരുമല റാവു എന്നിവരും ഉൾപ്പെടുന്നു.

ഏതാണ്ട് ഇക്കാലത്താണ് സായി ബാബയെക്കുറിച്ചുള്ള ആദ്യപുസ്തകം പ്രസിദ്ധീകരിക്കപ്പെടുന്നത്. തെലുങ്കിലുള്ള ഈ പുസ്തകത്തിന്റെ ശീർഷകം 'സായീശുനി ചരിത്ര'




എന്നായിരുന്നു. ഭഗവാന്റെ അധ്യാപകനാവാൻ നിയോഗം ലഭിച്ച കൊണ്ടപ്പയായിരുന്നു ഗ്രന്ഥകർത്താവ്. ബുക്കപട്ടണത്തിലെ ബോർഡ് എലിമെന്ററി സ്കൂളിൽ 8-ാം സ്റ്റാൻഡേർഡിൽവച്ച് സുബ്ബണ്ണാചാര്യരും പഠിപ്പിച്ചിരുന്നു. ഇത്തിരി വൈകിയിട്ട്, സായി ബാബയ്ക്ക് ഷിർദ്ദി സായിയോടുള്ള ഭക്തിയെക്കുറിച്ച്, ഒരു സരളനായ പൊങ്ങച്ചമില്ലാത്ത വിദ്യാർത്ഥിയിൽനിന്ന് ആകപ്പാടെ വ്യത്യസ്തനായ അത്ഭുതപ്രവർത്തകനായുള്ള അവന്റെ പൂർണമായ പരിവർത്തനത്തെക്കുറിച്ച്, അദ്ദേഹം കേൾക്കാനിടയായി. അവനെ കാണാനായി അദ്ദേഹം വളരെ ആകാംക്ഷാഭരിതനായിത്തീർന്നു.

ഉപരിപ്ലവമായി നിരീക്ഷിക്കുന്നവർക്ക്, ബാബ ഒരു ഉന്മാദിയായ ബാലനായി തോന്നിച്ചു, പക്ഷേ ആ ബാലനെക്കുറിച്ച് സുബ്ബണ്ണാചാര്യരുടെ പ്രഥമ ധാരണ, അവൻ പ്രഹ്ലാദനെ

പ്പോലെ ഒരു മഹാഭക്തനാണ് എന്നായിരുന്നു. എന്നിരുന്നാലും ദിവസങ്ങൾ കടന്നുപോകവേ, സുബ്ബണ്ണാചാര്യരുടെ ഇടയ്ക്കിടെയുള്ള പുട്ടപർത്തി സന്ദർശനങ്ങളുടെ ഫലമായി, സായി ബാബ ഒരു സാധാരണ മനുഷ്യജീവിയല്ല, പ്രകൃത്യാതീത ശക്തികളുള്ള ഒരു ബാലനാണ് എന്ന് അദ്ദേഹത്തിന് ക്രമേണ ബോധ്യമാവുകയുണ്ടായി.

ഒരു ദിവസം, വി.സി.കൊണ്ടപ്പയും സുബ്ബണ്ണാചാര്യരും-ഇരുവരും അവിടുത്തെ അധ്യാപകരാണ്-ഷിർദ്ദി സായി ബാബയുടെ ആദ്യകാല ജീവിതത്തെപ്പറ്റി അറിയണമെന്ന അവരുടെ വളരെ നാളായുള്ള ആഗ്രഹം സാധിക്കുന്നതിനായി പുട്ടപർത്തിയിലേക്ക് വന്നു, എന്തെന്നാൽ, ലഭ്യമായ ഗ്രന്ഥങ്ങളൊന്നും ആ അജ്ഞാതകാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്നില്ല. താൻ ഷിർദ്ദി സായി ബാബതന്നെയാണെന്ന് സായി ബാബ വെളിപ്പെടുത്തിയപ്പോൾ അവർ സ്തബ്ധരായിപ്പോയി! അവർ ചോദിക്കുന്നതിനും മുമ്പേ അവരുടെ ഹൃദയാഭിലാഷം സാധിപ്പിച്ചുകൊണ്ട്, അവിടുത്തെ ജീവിത കഥ വിവരിച്ചുകൊടുക്കുന്നതിനായി അവരോട് അന്നു രാത്രി അവിടെ തങ്ങുന്നതിനും അവിടുന്ന് നിർദ്ദേശിക്കുകയുണ്ടായി. ആ അതിപ്രധാനമായ രാത്രിയിൽ, സത്യ സായി ബാബയിൽനിന്ന് ഷിർദ്ദി സായി ബാബയുടെ കഥ അവർ കേട്ടു, അതിനു പുറമെ, അവിടുത്തെ പൂർവജന്മത്തിന്റെ രക്തത്തിലും മാംസത്തിലും ഉള്ള ദർശനം അവിടുന്ന് അവർക്ക് നൽകുകയുണ്ടായി. നോക്കൂ!




ബുക്കപട്ടണത്തിൽവച്ച്, അനന്തപൂരിലെ ടി. വിശ്വനാഥ റാവുവിന് 1944-ലെ വേനൽക്കാലത്ത് ബാബയെ ദർശിക്കുന്നതിനുള്ള നിയോഗമുണ്ടായി. ഒരു കൊച്ചു ബാലനായ ബാബയുടെ ആദ്യ ദർശനത്തെപ്പറ്റി റാവു പിൽക്കാലത്ത് സമരിക്കാറുണ്ടായിരുന്നു. ഇരുണ്ട നിറമുള്ള, പൊക്കം കുറഞ്ഞ്, ചെറുതായി ചുരുണ്ട മുടി നന്നായി ചീകിവച്ച, ഉത്തര കൗമാരദശയിലുള്ള മെലിഞ്ഞ ബാലനായി അദ്ദേഹം ബാബയെ വിവരിക്കുന്നു. തുടയുടെ പാതി വരെയെത്തുന്ന ചാരനിറമുള്ള ഒരു കോട്ടൺ കുർത്തയും കോട്ടൺ മുണ്ടുമായിരുന്നു അവിടുന്ന് ധരിച്ചിരുന്നത്. തടികൊണ്ടുണ്ടാക്കിയ ചെരിപ്പാണ് ധരിച്ചിരുന്നത്, 5-6 കുട്ടികളും മുതിർന്നവരും അടങ്ങുന്ന ഒരു സംഘത്തിന്റെ മുഖ്യനായിരുന്നു അവിടുന്ന്.

'ഈ ബാബ, വിചിത്രമായ കേശശൈലിയുള്ള ഭ്രാന്തനെപ്പോലെ തോന്നിക്കുന്ന ആളാണല്ലോ' എന്ന് റാവുവിന്റെ സഹോദരിയായ കലാവതമ്മ തറയിൽ കാൽ നീട്ടിയിരുന്നുകൊണ്ട് ആത്മഗതം ചെയ്തു.
ബാബ അവളുടെ സമീപം ചെന്നിട്ട് ചോദിച്ചു, "എനിക്ക് ഭ്രാന്തുണ്ടോ? എന്നോട് പറയൂ! ഞാൻ ഭ്രാന്തനാണോ?"
ബാബയുടെ പെട്ടെന്നുള്ള ചോദ്യത്തിൽ അമ്പരന്നും പരിഭ്രമിച്ചും, അവൾ തിടുക്കത്തിൽ പറഞ്ഞു, "ഇല്ല, ഇല്ല! ഞാനൊരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല!"

എന്നാൽ അങ്ങനെ പറയുമ്പോൾ, ബാബ കേവലം അവളുടെ ചിന്തകൾ പ്രതിഫലിപ്പിക്കുകയാണെന്ന് അവൾ തിരിച്ചറിഞ്ഞു. ചുരുക്കി പറഞ്ഞാൽ, അവിടുന്നിന് അവളുടെ മനസ്സ് വായിക്കാൻ കഴിഞ്ഞിരുന്നു!

ബുക്കപട്ടണത്തിലേക്കുള്ള വഴിയിൽവച്ച്, റാവുവിന് തന്റെ ബാഗ് നഷ്ടപ്പെട്ടിരുന്നു. എന്നാൽ ഉറപ്പായും, ബാബ പ്രവചിച്ചതുപോലെ, അന്നു വൈകുന്നേരം തന്നെ അദ്ദേഹത്തിന് കളഞ്ഞുപോയ ബാഗേജ് തിരികെ കിട്ടി. കുടുംബവുമായുള്ള ഒരു ഇന്റർവ്യൂവിൽ, ബാബ അവരെ വിഭൂതി പ്രസാദത്താൽ അനുഗ്രഹിച്ചു, റാവുവിന്റെ സഹോദരി കലാവതമ്മയ്ക്ക് അനുയോജ്യനായ ഒരു വരനെ തേടുന്നതിനുള്ള അവരുടെ ഉദ്യമത്തിന് നിർദ്ദേശങ്ങൾ നൽകി. അനന്തപൂരിലെ അവരുടെ ഭവനം സന്ദർശിക്കാമെന്നും അവിടുന്ന് വാക്ക് നൽകി, അത് അവിടുന്ന് നിറവേറുകയും ചെയ്തു.

ബാബ കദിരിയിൽ നിന്നും റാവുവിന്റെ പിതാവായ ടി. ചിദംബരയ്യയുടെ അനന്തപൂരിലെ വസതിയിൽ എത്തിച്ചേർന്നു. 1944 മെയ് 5-ന്, പവിത്രമായ ജൈഷ്ഠ പൂർണിമ ദിവസം തിങ്കളാഴ്ച ഉച്ച നേരത്തായിരുന്നത്. രണ്ടാം ലോകമഹായുദ്ധകാലമായിരുന്നു. ഇന്ധനം ലാഭിക്കുന്നതിനായി, വാഹനങ്ങളുടെ എഞ്ചിൻ കൽക്കരി കൊണ്ട് ഓടുന്ന ആവി എഞ്ചിനുകളായി പരിവർത്തനം ചെയ്യപ്പെട്ടിരുന്നു. ബാബയ്ക്ക് ഡ്രൈവറുടെ തൊട്ടടുത്തുതന്നെ ഇരിപ്പിടം ഒരുക്കിക്കിട്ടി. ബസ് ചിദംബരയ്യയുടെ വസതിയുടെ നേരേ മുമ്പിൽത്തന്നെ നിർത്തി.
ബാബ ഒരു കുർത്തയും ധോത്തിയും തടിച്ചെരുപ്പുമായിരുന്നു അണിഞ്ഞിരുന്നത്. ഉച്ചയൂണും അല്പം വിശ്രമവും കഴിഞ്ഞ്, അവിടുന്ന് കുടുംബത്തെ ഒരു ഇന്റർവ്യൂവിനായി വിളിപ്പിച്ചു. ആ വീടിന്റെ ഓരോ മുക്കും മൂലയും അവിടുന്നിന് അറിയാവുന്നപോലെ

തോന്നിച്ചു. അവിടുത്തെ 3 ദിവസത്തെ ഹ്യസ്വ സന്ദർശനകാലത്ത് കുടുംബം അവിടുന്നിനെ ആരാധിച്ചു. ചിദംബരയ്യയുടെ മകൾ കലാവതമ്മയ്ക്കും മരുമകൾ നരസമ്മയ്ക്കും അവിടുന്ന് ബാധോച്ചാടനം നടത്തുകപോലും ചെയ്തു, അവർക്കിരുവർക്കും ഭൂതബാധയുണ്ടെന്ന് കരുതപ്പെട്ടിരുന്നു! റാവു ഇപ്രകാരമാണ് അത് വിവരിക്കുന്നത്:

‘‘ആ പ്രക്രിയ വളരെ വിപുലവും ആചാരപരവുമായിരുന്നു അക്കാലത്ത്. എന്റെ സഹോദരിയും സഹോദരഭാര്യയും അകത്തേക്ക് വിളിക്കപ്പെട്ടു. അവിടുന്ന് ഒരു മുടിയിഴ പിഴുതെടുത്ത് അത് വെള്ളി വരിഞ്ഞ ദണ്ഡിൽ ചുറ്റിയതായി തോന്നുന്നു. ആ മുടി അതിശയകരമായി നീളമുള്ളതായിരുന്നു, ഏതാനും മീറ്ററുകൾ നീണ്ടത്, ശിരസ്സിന്റെ ചുഴിയിൽനിന്നുമാണ് അത് പിഴുതെടുത്തത്! അവർക്കിരുവർക്കും യാതൊരു വേദനയും തോന്നിയില്ല. അത് പിന്നെ ഒരു വെള്ളി ലോക്കറ്റിലാക്കി ഒരു ഏലസ്സുപോലെ കഴുത്തിൽ ധരിക്കാനായി രണ്ടുപേരോടും ആവശ്യപ്പെട്ടു, അവരുടെ ജീവിതകാലം മുഴുവനും അതവിടെ ഉണ്ടായിരുന്നു.



അന്നു രാത്രി കുടുംബം മുഴുവനും സുഖമായി ഉറങ്ങി, രാവിലെ വൈകി മാത്രമേ ഉണരാനായുള്ളൂ. പക്ഷേ ബാബ നേരത്തേ ഉണർന്നു, പരിസരമൊക്കെ വൃത്തിയാക്കി, കുളി കഴിഞ്ഞു, അവരുടെ കുളിക്കായി ചൂടുവെള്ളവും തയ്യാറാക്കി വച്ചു. പ്രധാന വാതിലിന്റെ പ്രവേശനകവാടത്തിൽ നാളികേരവും മറ്റു സാധനങ്ങളും അവിടുന്ന് ഒരുക്കി വച്ചിരുന്നു, എന്നിട്ട് പൂജ നടത്തി. ദുർഭൂതങ്ങളെ താൻ ഒഴിപ്പിച്ചതായും അവർക്കിനി, അപ്പോൾ തൊട്ട്, പേടി കൂടാതെ ജീവിക്കാമെന്നും അവിടുന്ന് പറയുകയുണ്ടായി.



Old & Rare photo - Young Sri Sathya Sai Baba giving Amrit (Nectar) materialized by Him.




ആ കുടുംബവുമായുള്ള ബാബയുടെ ബന്ധം വളരെ അനൗപചാരികമായിരുന്നു. കുടുംബാംഗങ്ങൾ അവിടുന്നിനു ചുറ്റും ഇരിക്കും, കുഷ്യൻ സീറ്റ് ഒരുക്കുക, കൊതുകിനെ അല്ലെങ്കിൽ ഈച്ചയെ ഓടിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കും. അവിടുത്തെ സംഭാഷണത്തിനിടയ്ക്ക്, അവിടുന്ന് മിക്കപ്പോഴും ആഴമുള്ള ഉറക്കത്തിലേക്ക് പോകും, ചുറ്റും ഇരിക്കുന്നവർ പുറത്തു നിന്നും ആരും അവിടുന്നിനെ ശല്യപ്പെടുത്താതെ നോക്കും. ബാബയെ കാണാനുള്ള ആകാംക്ഷയിൽ വലിയ ആൾക്കൂട്ടം വരാറുണ്ടായിരുന്നു, ഒരു ദിവസം ഉച്ചഭക്ഷണസമയത്ത്, ചിദംബരയ്യയുടെ പത്നി സുബ്ബമ്മ, സന്ദർശകരെ പുറത്ത് നിർത്തുന്നതിനായി വീടിന്റെ കതക് അടയ്ക്കുകയുണ്ടായി. കതക് തുറന്നിടണമെന്ന് ബാബ നിർബന്ധിച്ചു. 50 ആളുകൾക്കുള്ള ഭക്ഷണമേ ഉണ്ടാക്കിയിട്ടുള്ളൂ, പുറത്ത് ആൾക്കൂട്ടത്തിൽ 200-ലധികം പേരുണ്ടാവുമെന്നു പറഞ്ഞ് ആ സ്ത്രീ വിസമ്മതിക്കുകയുണ്ടായി. ബാബ അടുക്കളയിലേക്ക് ചെന്നു, ആഹാരപ്പാത്രങ്ങളുടെ മൂടി മാറ്റി അവയിൽ വെള്ളം തളിച്ചു, എല്ലാ ഭക്തർക്കും വിളമ്പാൻ അവരോട് പറഞ്ഞു. എല്ലാവരുടെയും അതിശയത്തിന്, എല്ലാ ഭക്തരും വയറു നിറയെ ഉണ്ടിട്ടും ആഹാരം ബാക്കി വന്നു.

മൂന്നു മാസം കഴിഞ്ഞിട്ട്, ആഗസ്റ്റിലും സെപ്തംബറിലും, ബാബ ഗൂട്ടി താലൂക്കിൽ പര്യടനം നടത്താൻ തീരുമാനിച്ചു. ഗുണ്ടക്കൽ-ബാംഗ്ലൂർ റോഡിൽ പെണ്ണാർ നദിയുടെ തെക്കേ കരയിലായി, കല്ലൂർ റെയിൽവേ സ്റ്റേഷനിൽനിന്ന് 5 കി.മീ ദുരത്തുള്ള എല്ലൂർ(Ellur) എന്ന ഒരു ചെറിയ ഗ്രാമത്തിൽനിന്നാണ് അവിടുന്ന് പുറപ്പെട്ടത്. ഗൂട്ടി(Gooty) താലൂക്കിനെപ്പറ്റി ഒരു ധാരണയുണ്ടാവാനാണ് ഇത്.



ഗൂട്ടി ഫോർട്ട്-ഇന്നത്തെ കാഴ്ച

ബാബ തങ്ങിയിരുന്ന, പ്രദേശത്തെ വില്ലേജാഫീസറായിരുന്ന കർണം ആദി നാരായണ റാവുവിന്റെ ഗൃഹത്തിലേക്ക് വലിയ പുരുഷാരം ഒഴുകാൻ തുടങ്ങി.

ഈ നദിയുടെ വടക്കേ കരയിൽ, ബിസിനസ്സുകാർ താമസിക്കുന്ന, ഒരു വാണിജ്യ കേന്ദ്രമായി അറിയപ്പെടുന്ന നഗരമായിരുന്നു പാമിഡി(Pamidi). ബാബ എല്ലൂരിൽ 15 ദിവസം തങ്ങിയെങ്കിലും, അവിടുന്ന് പാമിഡി സന്ദർശിച്ചില്ല.

മിക്ക വേളയിലും ബാബ തന്നെയാണ് ഭജനുകൾ നയിച്ചിരുന്നത്. റാവു അക്കാലത്ത് പാൻകി(Panki)യിലുള്ള അദ്ദേഹത്തിന്റെ അമ്മാവന്റെ ഗൃഹത്തിൽ തങ്ങുകയും ദർശനത്തിനായി കാൽനടയായി എല്ലൂരിലേക്ക് പോവുകയുമായിരുന്നു.




ഒരവസരത്തിൽ, അന്ന് വളരെ ജനപ്രിയമായിരുന്ന 'ഭക്തപോതന' ക്ലാസിക് സിനിമയിലെ രണ്ട് ഭക്തിഗാനങ്ങൾ അദ്ദേഹം പാടി. അന്നു മുതൽക്ക് ബാബ റാവുവിനെ പാടല അബ്ബായി(singer boy) എന്ന് വിളിക്കാൻ തുടങ്ങി!

ഇതൊക്കെ കാണിക്കുന്നത് സ്വാമി പ്രാദേശിക ഗ്രാമീണർക്ക്, അവരെ ആദ്ധ്യാത്മിക മാർഗത്തിൽ നയിച്ചുകൊണ്ട്, എപ്രകാരം വലിയ സഹായിയായിരുന്നു എന്നാണ്. അതു മാത്രമല്ല, സ്വാമി ഓരോരുത്തരെയും സഹായിച്ചു, ഭൂത-പ്രേതബാധയിൽനിന്ന് അവിടുന്ന് അവർക്ക് ആശ്വാസം നൽകി.
അക്കാലത്ത്, ഈ ദുരാത്മാക്കളുടെ ബാധമൂലം ആളുകൾ ഒത്തിരി കഷ്ടപ്പെട്ടിരുന്നു. സ്വാമി വലിയ സഹായമായിരുന്നു. അവിടുന്ന് ആശ്വാസദായകനായിരുന്നു. അവിടുന്ന് അവരെയെല്ലാം എന്നേക്കുമായി സുഖപ്പെടുത്തി!
അഭയം തേടിയവർക്കൊക്കെ സ്വാമി സഹായം നീട്ടിയതിന്റെ കഥകളാണിവ. പ്രദേശവാസികൾക്ക് അവിടുത്തെ സംഭാവനയുടെ പഴയ വിവരണമാണിവ.

ബാബ ഒരു ദിവസം പെട്ടെന്ന് ഒറ്റയ്ക്ക് അനന്തപൂരിന് പോയി, മുൻകൂട്ടി പ്രഖ്യാപിക്കാതെയുള്ള യാത്രയോട് കർണം കുടുംബാംഗങ്ങളുടെ ശക്തമായ പ്രതിഷേധം അവിടുന്ന് ഗൗനിച്ചില്ല. ബാബ യാത്ര തുടർന്നു. അനന്തപൂരിൽ, എന്നിരുന്നാലും, അവിടുന്ന് ഒരു കർണം ബന്ധുവിനൊപ്പം തങ്ങുന്നതിന് സമ്മതിക്കുകയുണ്ടായി. അവിടുത്തെ പെട്ടെന്നുള്ള യാത്ര ഏതോ ദുരന്തസൂചനയാണെന്ന കർണം കുടുംബത്തിന്റെ ഭയാശങ്ക ലഘൂ

കരിക്കുന്നതിനായി, ബാബ അനന്തപൂരിലേക്ക് മടങ്ങുന്നതിനു മുമ്പ് എല്ലൂരിലേക്ക് പോയി, ഏതാനും ദിനങ്ങൾ വീണ്ടും അവിടെ തങ്ങുകയുണ്ടായി.




,

ശരി, നാം അടുത്ത വേള ഇത് തുടരും.

നിങ്ങളുടെ സമയത്തിന് നന്ദി!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)